കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണം 2019 - ആരോഗ്യ വകുപ്പ് - Cath Lab Technician, Dialysis Technician എന്നീ തസ്തികകൾ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ധനകാര്യ (പി.ആർ.സി – ബി) വകുപ്പ്**

**സ.ഉ.(കൈ) നം. 15/2026/(97)/ധന** **തീയതി, തിരുവനന്തപുരം, 11/02/2026**

================================================================================

**പരാമർശം:-**1) സ.ഉ.(അച്ചടി) നം. 27/2021/ധന. തീയതി 10.02.2021.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18/04/2024, 31/10/2025 തീയതികളിലെ ഇ.എച്ച്1/4341/2024/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2019 മുതൽ പരിഷ്കരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ ആരോഗ്യ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ Cath Lab Technician, Dialysis Technician എന്നീ തസ്തികകൾ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത തസ്തികകൾ ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി തസ്തികയിലുള്ള ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനും ശമ്പളം മാറി നൽകുന്നതിനും കഴിയുന്നില്ലെന്നും, ആയതിനാൽ Cath Lab Technician, Dialysis Technician എന്നീ തസ്തികകൾ വകുപ്പിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ ആരോഗ്യ വകുപ്പിന്റെ ഷെഡ്യൂളിനു കീഴിൽ Cath Lab Technician, Dialysis Technician എന്നീ തസ്തികകൾ ചുവടെ പറയും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Name of Post | Existing Scale of Pay | Revised Scale of Pay |
|---|---|---|
| Cath Lab Technician | 22200-48000 | 31100-66800 |
| Dialysis Technician | 22200-48000 | 31100-66800 |

3) പരാമർശം (1) ഉത്തരവ് ടി ഉത്തരവ് തീയതി മുതൽ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അഹമ്മദ് കബീർ. വൈ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
സെക്രട്ടറി, ആരോഗ്യ (എച്ച്) വകുപ്പ്
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക് പി.എം.യു
വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (**E-3342134**)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ